ഉത്തരം

(എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) വിശദവിവരം ശേഖരിച്ചു വരുന്നു.

(സി) വിശദവിവരങ്ങൾ കിട്ടിയതിനുശേഷം ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

ചേന്ദമംഗലത്ത് കള്ളച്ചാരായം പിടിച്ചെടുത്ത കേസ്

609 [869] ശ്രീ. എം. കെ. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ താലൂക്കിൽ ചേന്ദമംഗലത്തുവെച്ച് 1500 ലിറ്റർ കള്ളച്ചാരായം പിടിച്ചെടുത്ത കേസ്സിന്റെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ചാരായവും വാഹനവും ഇപ്പോഴും കസ്റ്റഡിയിലാണോ;

(സി) വാഹനം ആരുടെ വകയാണെന്ന് പറയുമോ?

ഉത്തരം

(എ) അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടുള്ളതായി അറിവില്ല.

(ബി, സി) ഉദിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി. ബസ്സുകളിലെ സീറ്റു ക്രമീകരണം

610 [870] ശ്രീ. എ. എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ ബസ്സുകളിലെ യാത്രക്കാരുടെ സീറ്റുകളും ഒരു വശത്ത് നാലു പേർക്ക് ഇരിക്കാവുന്നതും മറുവശത്ത് നീളത്തിൽ ഒറ്റസീറ്റായി കിടക്കുന്ന രീതിയിൽ, സീറ്റുകൾ ക്രമീകരിച്ചിരിക്കുന്ന എത്ര ട്രാൻസ്പോർട്ടു ബസ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മേൽപറഞ്ഞ രീതിയിലുള്ള എത്ര ബസ്സുകൾ ഏതെല്ലാം സ്റ്റേഷനിൽ നിന്നും സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിലുള്ള സീറ്റ് ക്രമീകരണത്താൽ യാത്രക്കാർക്ക് യാത്ര ചെയ്യുവാൻ വിഷമതയനുഭവിക്കുന്നുണ്ടെന്നോ കാണിച്ചു പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ടി ബസ്സുകളിൽ യാത്ര ചെയ്യുവാൻ അനുഭവപ്പെടുന്ന വിഷമതകളെക്കുറിച്ച് അന്വേഷിച്ച് ഇത്തരത്തിലുള്ള സീറ്റുകൾ മാറ്റി അസൗകര്യമില്ലാത്ത സീറ്റുകൾ പിടിപ്പിക്കുവാൻ വേണ്ടുന്ന നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉദ്ദേശം പത്തു ബസ്സുകളും വരും. കൂടുതൽ യാത്രക്കാരെ ഉദ്ദേശിച്ചാണീ സീറ്റുകളുടെ ക്രമീകരണം നടത്തിയിട്ടുള്ളത്.

(ബി) പ്രധാനമായും സിറ്റി സർവ്വീസിലാണ് ഇവ സർവ്വീസ് നടത്തുന്നത്.

(സി) പരാതികളും ഒന്നും തന്നെ കിട്ടിയിട്ടില്ല.

(ഡി) ഇക്കാര്യം പരിശോധിക്കാം.

തിരുവനന്തപുരം സിറ്റി ട്രാൻസ്പോർട്ട് ഗ്യാരേജിൽ നിന്നും സർവ്വീസ് നടത്തുന്ന ബസ്സുകളും

611 [871] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ തിരുവനന്തപുരം സിറ്റി ട്രാൻസ്പോർട്ടു ഗ്യാരേജിൽനിന്നും സർവ്വീസ് നടത്തുന്ന ബസ്സുകൾ എത്ര;

(ബി) ഉപയോഗശൂന്യമായ നിലയിൽ എത്രയെണ്ണമുണ്ട്;

(സി) ഇവ സർവ്വീസ് നടത്തത്തക്ക രീതിയിൽ റിപ്പയർ ചെയ്യാൻ എത്രനാൾ വേണ്ടിവരുമെന്ന് പറയാമോ?

ഉത്തരം

(എ) ഇരുനൂറിനാൽപ്പത്തിയേഴു ബസ്സുകൾ തിരുവനന്തപുരം സിറ്റിയിൽ സർവ്വീസ് നടത്തുന്നുണ്ട്.

(ബി,സി) ഉപയോഗശൂന്യമായ എല്ലാ ബസ്സുകളും സർവ്വീസിൽ നിന്നും പിൻവലിച്ചിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ കാര്യക്ഷമമായി നടത്തുവാൻ പദ്ധതി

612 [872] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പൊതു ഗതാഗത സർവ്വീസുകളുടെ 35 ശതമാനം കൈകാര്യം ചെയ്യുന്ന കെ. എസ്. ആർ. ടി. സി. സർവ്വീസുകൾ കാര്യക്ഷമമായി നടത്തുന്നതിനുവേണ്ടി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) 1978-ൽ എത്ര പുതിയ ബസ്സുകളാണ് കോർപ്പറേഷനിറക്കുവാനുദ്ദേശിക്കുന്നത്?

LIBRARY ARCHIVES Kerala Legislative Assembly